**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5475** **13-08-2021 - ൽ മറുപടിയ്ക്ക്**

**പട്ടികവിഭാഗങ്ങൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത്** | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | പട്ടികവിഭാഗങ്ങൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസത്തിനും നൈപുണ്യ വികസനത്തിനും പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; പ്രത്യേക പദ്ധതികൾ ഇല്ലെങ്കിൽ ഇപ്രകാരം പദ്ധതി തയ്യാറാക്കുമോ? | (എ) | ഉണ്ട്. പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം അനുബന്ധം-I ആയും പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം അനുബന്ധം -IIആയും ചേർക്കുന്നു |

സെക്ഷൻ ഓഫീസർ

# അനുബന്ധം –I

പട്ടികജാതി വികസന വകുപ്പ് വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. പ്രീമെട്രിക് തലത്തിൽ ലംപ്സംഗ്രാന്റ്, ദുർബ്ബല വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് പ്രതിമാസ സ്റ്റൈപന്റ്.
2. 1 മുതൽ 8 വരെയുള്ളവർക്ക് 2000/- രൂപ വീതം പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്.
3. 9,10 ക്ലാസ്സുകളിലെ പ്രീമെട്രിക് സ്കോളർഷിപ്പ് (കേന്ദ്ര പദ്ധതി)
4. പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ.
5. പ്രൊഫഷണൽ കോഴ്സുകളടക്കം ഉന്നത വിദ്യാഭ്യാസ മേഖലയിലെ വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാർ. നിശ്ചയിക്കുന്ന ഫീസ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ
6. ലാപ് ടോപ്പ് ധനസഹായം, മെഡിക്കൽ വിദ്യാർത്ഥികൾക്ക് സ്റ്റെതസ്കോപ്പ് വാങ്ങൽ ധനസഹായം.
7. പ്രാരംഭ ചെലവുകൾക്കുള്ള ധനസഹായം (മെഡിക്കൽ/ എഞ്ചിനീയറിംഗ് കോഴ്സുകൾ)
8. ആരോഗ്യഹാനിക്കിടയാക്കുന്ന ശുചീകരണ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്കുള്ള പ്രീമെട്രിക് സ്കോളർഷിപ്പ്.
9. അയ്യൻകാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്.
10. മെഡിക്കൽ എഞ്ചിനീയറിംഗ് പരീക്ഷയിൽ റാങ്ക് നേടുന്നവർക്ക് ഗോൾഡ് മെഡൽ നൽകുന്ന പദ്ധതി.
11. മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരിശീലനത്തിന് ധനസഹായം
12. ഉന്നത വിജയം നേടുന്നവർക്ക് പ്രത്യേക പ്രോത്സാഹന സമ്മാനം.
13. ബുക്ക് ബാക്ക് സ്കീം
14. മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ/എം.ആർ.എസ്.
15. പ്രീമെട്രിക് ഹോസ്റ്റൽ
16. പോസ്റ്റ് മെട്രിക് ഹോസ്റ്റൽ
17. ഐ.റ്റി,ഐ.കൾ
18. പി.ഇ,റ്റിസി.
19. ക്രൈസ്റ്റ് വഴി നൽകുന്ന മികവ് നേടുന്നതിന് വേണ്ടിയുള്ള പരിശീലനം

20. നഴ്സറി സ്കൂൾ

21. ICSETS മുഖേന നൽകുന്ന സിവിൽ സർവ്വീസ് പരിശീലനം

22. പാരലൽ കോളേജ് വിദ്യാഭ്യാസ ധനസഹായം

23. മെഡിക്കൽ കോളേജ് പാലക്കാട്

24. പഠനമുറി

25. വിദേശ പഠന സഹായം

26. ബി.ടെക്-റെമഡിയൽ കോച്ചിംഗ്

പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതീ യുവാക്കൾക്ക് വിവിധ തൊഴിലധിഷ്ഠിത നൈപുണ്യ വികസന പദ്ധതികൾ വിവിധ ഏജൻസികൾ മുഖേന വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. ടി പരിശീലന പദ്ധതികളിലൂടെ പഠനം പൂർത്തിയാക്കുന്നവർക്ക് വിദേശ രാജ്യത്തുൾപ്പെടെ തൊഴിൽ ലഭ്യമാകുന്നുണ്ട്. കൂടാതെ ചിലർ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നുണ്ട്. വിവര സാങ്കേതിക കോഴ്സുകൾ ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ് കോഴ്സുകൾ ഫാഷൻ ഡിസൈനിംഗ് കോഴ്സുകൾ ഐ.റ്റി.ഐ കോഴ്സുകൾ എന്നിങ്ങനെ 72 കോഴ്സുകൾ നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കൊവിഡ് വ്യാപനത്തെ തുടർന്ന് നിലവിൽ കോഴ്സുകൾ നിർത്തിവെച്ചിട്ടുള്ളതാണ്. കോവിഡാനന്തരം ടി കോഴ്സുകൾ പുനഃരാരംഭിക്കുന്നതാണ്.

# അനുബന്ധം-II

പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസത്തിനും നൈപുണ്യ വികസനത്തിനുമായി ആവിഷ്കരിച്ച പദ്ധതികളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. മോഡൽ റസിഡൻഷ്യൽ സ്കൂൾ

സമർത്ഥരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിന് റസിഡൻഷ്യൽ സൗകര്യത്തോടുകൂടി ആരംഭിച്ചിട്ടുള്ളവയാണ് എം.ആർ.എസുകൾ. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ 20 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. എം.ആർ.എസുകളിലെയും ഹോസ്റ്റലുകളിലെയും കുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനത്തിനായി പ്രത്യേക പദ്ധതികൾ നടപ്പിലാക്കി വരുന്നു.

2. പ്രീമെട്രിക് ഹോസ്റ്റലുകൾ – പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ

ദുർഘട പ്രദേശങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനായി 105 പ്രീമെട്രിക് ഹോസ്റ്റലുകളും, 9 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും പ്രവർത്തിച്ചു വരുന്നു. താമസം, ഭക്ഷണം, പഠനോപകരണങ്ങൾ, ട്യൂഷൻ മുതലായ സൗകര്യങ്ങൾ ഇവിടെ ലഭ്യമാക്കുന്നു.

3. സാമൂഹ്യപഠന മുറി

പട്ടികവർഗ്ഗ വിഭാഗക്കാരുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായാണ് പട്ടികവർഗ്ഗ കോളനികളിൽ സാമൂഹ്യ പഠനമുറി എന്ന പദ്ധതി ആവിഷ്കരിച്ചത്. പട്ടികവർഗ്ഗ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നത് ലക്ഷ്യം വെച്ച് സ്കൂളുകളിൽ നിന്നും ഊരുകളിൽ തിരികെയെത്തുന്ന കുട്ടികൾക്ക് പഠനസൗകര്യവും, ലഘുഭക്ഷണവും ഉറപ്പു വരുത്തുന്നു.

4. ഗോത്രബന്ധു –മെന്റർ ടീച്ചർ

പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ പഠിക്കുന്ന പ്രൈമറി സ്കൂളുകളിൽ അവരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ടിടിസി/ബിഎഡ് യോഗ്യതയുള്ള പ്രദേശത്തെ യുവ വിദ്യാസമ്പന്നരെ ഗോത്രഭാഷയുടേയും മലയാള ഭാഷയുടേയും അറിവിന്റെ അടിസ്ഥാനത്തിൽ

തെരഞ്ഞെടുത്ത് പരിശീലനം നൽകി പ്രൈമറി സ്കൂളിൽ ടീച്ചറോ വിദ്യാഭ്യാസ ഉപദേശകനായോ മെന്റർ ടീച്ചർ എന്ന നാമധേയത്തിൽ പ്രവർത്തിക്കാൻ പദ്ധതി വിഭാവനം ചെയ്യുന്നു.

5. സമഗ്ര ആദിവാസി സാക്ഷരത പദ്ധതി

പട്ടികവർഗ്ഗക്കാർക്കിടയിലെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്ത് സാമൂഹ്യ ചൂഷണങ്ങളിൽ നിന്നും മോചിതരാക്കുന്നതിനുള്ള പദ്ധതിയാണ് സമഗ്ര ആദിവാസി സാക്ഷരത പദ്ധതി

6. ലാപ്ടോപ്പ് വിതരണം

അംഗീകൃത യൂണിവേഴ്സിറ്റികളിൽ/ സ്ഥാപനങ്ങളിൽ തെരെഞ്ഞെടുത്ത കമ്പ്യൂട്ടർ പഠന വിഷയമായതോ, അത്യന്താപേക്ഷിതമായതോ ആയ പോസ്റ്റ് മെടിക് കോഴ്സുകൾക്ക് രണ്ടാം വർഷം പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകുന്നതാണ് പ്രസ്തുത പദ്ധതി.

6. വിദേശപഠനത്തിനുള്ള ധനസഹായം

സംസ്ഥാനത്ത് സ്ഥിരതാമസക്കാരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശത്ത് മികച്ച സർവകലാശാലകളിൽ പോയി പഠനം നടത്തുന്നതിലേക്ക് ധനസഹായം അനുവദിക്കുന്ന പദ്ധതിയിൽ വിദേശ സർവ്വകലാശാലകളിൽ ചേർന്ന് പഠനം നടത്തുന്നതിന് പരമാവധി 25 ലക്ഷം രൂപാ അനുവദിക്കുന്നു.

8. തൊഴിൽ നൈപുണ്യ പരിശീലനം

പട്ടികഗോത്ര വർഗ്ഗക്കാർക്ക് സാമ്പത്തിക ഭദ്രതയിലൂടെ സാമൂഹ്യ തുല്യത സാധ്യമാക്കുകയെന്ന ലക്ഷ്യത്തോടെ വിവിധ മേഖലകളിൽ തൊഴിൽ ലഭ്യമാക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ആധുനിക രീതിയിലുള്ള നൈപുണ്യ വികസന പരിശീലന പരിപാടികൾ നടപ്പിലാക്കി വരുന്നു.

'ഒരു പട്ടികവർഗ്ഗ കുടുംബത്തിലെ ഒരാൾക്കെങ്കിലും ജോലി ലഭ്യമാക്കുക' എന്നതിലൂടെ പട്ടികവർഗ്ഗക്കാരുടെ മാനവശേഷി വർദ്ധിപ്പിക്കുന്നതിനും, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾക്ക് വിദേശത്തും സ്വദേശത്തും തൊഴിൽ നേടികൊടുക്കുക എന്ന ലക്ഷ്യത്തോടെയാണ് വകുപ്പ് തൊഴിൽ നൈപുണ്യ വികസന പരിശീലന പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. നൈപുണ്യ വികസന രംഗത്ത് വലിയ ഇടപെടലുകളാണ് ഈ സർക്കാർ നടത്തി വരുന്നത്. സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള പ്രശസ്ത സർക്കാർ/സ്വകാര്യ തൊഴിൽ നൈപുണ്യ വികസന സ്ഥാപനങ്ങളുമായി ചേർന്ന് 2016-17

മുതൽ നാളിതുവരെ ഏറ്റവും തൊഴിൽ സാധ്യതയുള്ള വിവിധ കോഴ്സുകളിൽ പരിശീലന പരിപാടികൾ സംഘടിപ്പിച്ച് പ്ലെയ്സ് മെന്റ് ഉറപ്പു വരുത്തിയിട്ടുണ്ട്.

2016 മുതൽ 2020-21 വർഷം വരെ തൊഴിലും നൈപുണ്യ വികസന പരിശീലനത്തിനുമായി 17 സർക്കാർ അംഗീകൃത ഏജൻസികൾ മുഖേന 48 കോഴ്സുകളിലായി 5808 ഉദ്യോഗാർത്ഥികൾക്ക് പരിശീലനം ലഭ്യമാക്കിയതിൽ വിദേശത്ത് തൊഴിൽ ലഭിച്ച 22 ഉദ്യോഗാർത്ഥികൾ ഉൾപ്പെടെ പരിശീലനം പൂർത്തിയാക്കിയ 2990 പേർക്ക് തൊഴിൽ ഉറപ്പ് വരുത്തിയിട്ടുണ്ട്. വിദേശത്ത് ജോലി ലഭിച്ചവർക്ക് പ്രധാനമായും ഹോസ്പിറ്റാലിറ്റി, കൺസ്ട്രക്ഷൻ, oil & Rig എന്നീ മേഖലകളിൽ പ്രത്യേക പരിശീലനം നൽകിയാണ് UAE-ൽ ജോലി ലഭ്യമായത്. ഇവർക്ക് വിദേശത്ത് ജോലി ലഭിക്കുന്നതിന് യാത്രാ ചെലവ്, മെഡിക്കൽ ഫീസ്, മറ്റ് അനുബന്ധ ചെലവുകൾ എല്ലാം സർക്കാർ വഹിച്ചുകൊണ്ടാണ് ജോലി ലഭ്യമാക്കിയിട്ടുള്ളത്.

2021-22 വർഷത്തേയ്ക്ക് 84 ആധുനിക രീതിയിലുള്ള നൈപുണ്യ പരിശീലനങ്ങൾ നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.